# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.08.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഇന്ത്യ-ജപ്പാൻ പങ്കാളിത്തം കൂടുതൽ ശക്തിപ്പെടുത്താൻ ധാരണ; അടുത്ത 10 വർഷത്തിനുള്ളിൽ ഇന്ത്യയിൽ 10 ട്രില്യൺ യെൻ നിക്ഷേപം നടത്തുമെന്ന് ജപ്പാൻ.

**India-Japan partnership to be strengthened further; Japan to invest 10 trillion yen in India over the next 10 years.**

2) നാളെ ചൈനയിൽ ആരംഭിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും.

**Prime Minister Narendra Modi to attend Shanghai Cooperation Organisation Summit starting tomorrow in China.**

3) 71-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ആവേശത്തിൽ ആലപ്പുഴ; മന്ത്രി പി.എ മുഹമ്മദ് റിയാസ് വള്ളംകളി ഉദ്ഘാടനം ചെയ്യും.

**Alappuzha gears up for the excitement of the 71st Nehru Trophy Boat Race; Minister P.A. Mohammed Riyas to inaugurate the event.**

4) മഴക്കെടുതി നേരിടുന്ന ഉത്തരാഖണ്ഡ്, ഹിമാചൽ പ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരളം, തീരദേശ കർണാടക എന്നിവിടങ്ങളിൽ ഇന്ന് മഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്.

**Relief and rescue operations underway in rain-hit Uttarakhand, Himachal Pradesh, and Punjab; rain alert issued for Kerala and coastal Karnataka today.**

5) സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യയ്ക്ക്.

India wins SAFF U-17 Women's Football Championship title.

&&&&&&&&&&&&&&&&&&

## PM - JAPAN(INTRO)

സ്വതന്ത്രവും, സമാധാനപരവും, നിയമാധിഷ്ഠിതവുമായ ഇന്തോ-പസഫിക് മേഖലയ്ക്കായി ഇന്ത്യയും ജപ്പാനും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഭീകരത, പ്രതിരോധ - സമുദ്ര സുരക്ഷാ വെല്ലുവിളികൾ എന്നിവ സംബന്ധിച്ച് ഇരു രാജ്യങ്ങൾക്കും ഒരേ ആശങ്കകളാണുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞു. അടുത്ത 10 വർഷത്തിൽ ജപ്പാൻ, ഇന്ത്യയിൽ 10 ട്രില്യൺ യെൻ നിക്ഷേപം നടത്താൻ ധാരണയായതായി അദ്ദേഹം അറിയിച്ചു. ഇന്നലെ ടോക്കിയോയിൽ 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ ജാപ്പനീസ് പ്രധാനമന്ത്രി ഷിഗെരു ഇഷിബയോടൊപ്പം പങ്കെടുത്ത ശേഷമാണ് പ്രധാനമന്ത്രി ഇക്കാര്യം അറിയിച്ചത്. ( വോയിസ്.... )

ടോക്കിയോയിൽ 16 ഗവർണർമാരെയും പ്രധാനമന്ത്രി സന്ദർശിച്ചു. ഇന്ത്യ-ജപ്പാൻ ബന്ധം കൂടുതൽ അഭിവൃദ്ധിയിലേക്ക് മുന്നേറുകയാണെന്ന് ശ്രീ മോദി അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## SHANGHAI COOPERATION ORGANIZATION

25-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിക്ക് നാളെ ചൈനയിലെ ടിയാൻജിനിൽ തുടക്കം. രണ്ട് ദിവസത്തെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. പ്രാദേശിക സുരക്ഷ, കണക്റ്റിവിറ്റി, സുസ്ഥിര വികസനം, അംഗരാജ്യങ്ങൾക്കിടയിലെ ഐക്യം വർദ്ധിപ്പിക്കൽ തുടങ്ങിയ വിഷയങ്ങളിൽ എസ്.സി.ഒ ഉച്ചകോടി ശ്രദ്ധ കേന്ദ്രീകരിക്കും. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഉൾപ്പെടെ 20 ലധികം ലോക നേതാക്കളും 10 അന്താരാഷ്ട്ര സംഘടനകളുടെ മേധാവിമാരും യോഗത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

&&&&&&&&&&&&&&&&&&

## PM MODI-PUTIN MEETING

ഇന്ത്യയുമായുള്ള വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ ഡിസംബറിൽ ഇന്ത്യ സന്ദർശിക്കും. ചൈനയിലെ SCO ഉച്ചകോടിക്കിടെ പ്രസിഡന്റ് പുടിൻ തിങ്കളാഴ്ച പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി സന്ദർശനം സംബന്ധിച്ച് ചർച്ച നടത്തുമെന്ന് റഷ്യൻ വിദേശനയ ഉപദേഷ്ടാവ് വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## PUTIN - SCO

റഷ്യക്കെതിരായ പാശ്ചാത്യ ഉപരോധങ്ങൾ വിവേചനപരമെന്ന് പ്രസിഡന്റ് വ്ലാദിമിർ പുടിൻ. ആഗോള വ്യാപാര രംഗത്തെ ഉപരോധങ്ങളെ റഷ്യയും ചൈനയും സംയുക്തമായി എതിർക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. SCO ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് മുന്നോടിയായാണ് പ്രതികരണം.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻറെ 125-ാാം പതിപ്പാണിത്.

&&&&&&&&&&&&&&&&&&

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കൊല്ലം തേവള്ളിയിൽ മൻ കി ബാത്ത് പ്രക്ഷേപണത്തോട് അനുബന്ധിച്ചുള്ള പരിപാടിയിൽ പങ്കെടുക്കും. ഇന്ന് അദ്ദേഹം കോട്ടയത്തും വിവിധ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## NEHRU TROPHY ( INTRO )

71-ാമത് നെഹ്റു ട്രോഫി ജലോത്സവത്തിന്റെ ആവേശത്തിൽ ആലപ്പുഴ പുന്നമടക്കായൽ. ഉച്ചക്ക് 2 ന് മന്ത്രി പി.എ മുഹമ്മദ് റിയാസ് വള്ളംകളി ഉദ്ഘാടനം ചെയ്യും. സിംബാബ്‌വെ വ്യവസായ വാണിജ്യ സെപ്യൂട്ടി മന്ത്രി രാജേഷ് കുമാർ ഇന്ദുകാന്ത് മോദി മുഖ്യാതിഥിയാകും.

കൂടുതൽ വിവരങ്ങളുമായി ആലപ്പുഴയിൽ നിന്നും ആകാശവാണി ജില്ലാ പ്രതിനിധി ആർ രവികുമാർ......

**(വോയിസ്....)**

&&&&&&&&&&&&&&&&&&

## AMEBIC MENINGOENCEPHALITIS

കേരളത്തിൽ, അമീബിക്ക് മസ്തിഷ്ക ജ്വരം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ജല സ്രോതസുകൾ വൃത്തിയാക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ജനകീയ ക്യാമ്പയിനിന് തുടക്കമായി. ഇന്നും നാളെയും വീടുകളിലേയും സ്ഥാപനങ്ങളിലേയും കിണറുകൾ ക്ലോറിനേറ്റ് ചെയ്യുകയും ജലസംഭരണ ടാങ്കുകൾ വൃത്തിയാക്കുകയും ചെയ്യും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ജലവിഭവ വകുപ്പ് എന്നിവയുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ നടക്കുന്നത്.

&&&&&&&&&&&&&&&&&&

## NASHA MUKTH NYAY ABHIYAN

ലഹരി വിരുദ്ധ ക്യാമ്പയിനായ നശാ മുക്ത് ന്യായ അഭിയാന് തിരുവനന്തപുരത്ത് തുടക്കമായി. ക്യാമ്പയിന്റെ സംസ്ഥാനതല ഉദ്ഘാടനം സുപ്രീകോടതി ജഡ്ജിയും നാഷണൽ ലീഗൽ സർവീസ് അതോറിറ്റി സർവീസ് എക്സിക്യൂട്ടീവ് ചെയർമാനുമായ ജസ്റ്റിസ് സൂര്യകാന്ത് അല്പസമയത്തിനകം നിർവഹിക്കും. കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ, മന്ത്രി എം ബി രാജേഷ് എന്നിവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

## THRISSUR – TRAFFIC

തൃശൂർ ദേശീയപാത മുടിക്കോട് സെന്ററിൽ ഗതാഗതക്കുരുക്കിൽ വലഞ്ഞ് യാത്രക്കാർ. പുലർച്ചെ നാലരയ്ക്ക് തുടങ്ങിയ ഗതാഗതക്കുരുക്കിന് ഉച്ചയോടെയാണ് നേരിയ ശമനം ഉണ്ടായത്. സർവീസ് റോഡ് തകർന്നതാണ് ഗതാഗതക്കുരുക്കിന് കാരണമായത്.

&&&&&&&&&&&&&&&&&&

## IMD WEATHER

തീരദേശ കർണാടക, പഞ്ചാബ്, ബീഹാർ, രാജസ്ഥാൻ, ഗുജറാത്ത്, ഡൽഹി, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും, ദക്ഷിണേന്ത്യയുടെ ചില ഭാഗങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥ വകുപ്പ് മഞ്ഞ ജാഗ്രത നൽകി. കർണാടക തീരത്ത് നിന്ന് ഇന്നും നാളെയും മത്സ്യബന്ധനത്തിന് പോകരുതെന്നും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

## UTTARAKHAND RAIN

ഉത്തരാഖണ്ഡിൽ, മേഘവിസ്ഫോടനത്തിലും കനത്ത മഴയിലും നാശനഷ്ടമുണ്ടായ ഉത്തരകാശി, രുദ്രപ്രയാഗ്, ബാഗേശ്വർ, തെഹ്രി എന്നിവിടങ്ങളിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. രുദ്രപ്രയാഗ്, ചമോലി, ബാഗേശ്വർ ജില്ലകളിൽ ശക്തമായ മഴയിൽ ഇന്നലെ അഞ്ച് പേർ മരിച്ചു; 11 പേരെ കാണാതായതായാണ് റിപ്പോർട്ട്.

&&&&&&&&&&&&&&&&&&

## JK- CLOUDBURST

ജമ്മു കശ്മീരിലെ റംബാൻ ജില്ലയിൽ ഉണ്ടായ മേഘവിസ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം നാലായി. ഒരാളെ ഇനിയും കണ്ടെത്താനുണ്ട്. മേഘവിസ്ഫോടനത്തെ തുടർന്നുണ്ടായ മണ്ണിടിച്ചിലിലും വെള്ളപ്പൊക്കത്തിലും കനത്ത നാശനഷ്ടമാണുണ്ടായത്. ഡെപ്യൂട്ടി കമ്മീഷണറുമായി ഇത് സംബന്ധിച്ച് സംസാരിച്ചതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് അറിയിച്ചു. എല്ലാ സഹായവും ഉറപ്പ് വരുത്തുമെന്ന് മുഖ്യമന്ത്രി ഒമർ അബ്ദുള്ളയും വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## HP - WEATHER

ഹിമാചൽ പ്രദേശിലും തുടർച്ചയായി പെയ്യുന്ന കനത്ത മഴ സാധാരണ ജീവിതത്തെ ബാധിച്ചു. റോഡുകൾ, വൈദ്യുതി, കുടിവെള്ളം, ആശയവിനിമയ സേവനങ്ങൾ എന്നിവ തടസപ്പെട്ടു. ചമ്പ ജില്ലയിലെ ഭർമൂർ പ്രദേശത്ത്, മണിമഹേഷ് യാത്രക്കെത്തിയ

ആയിരക്കണക്കിന് തീർത്ഥാടകർ കുടുങ്ങിക്കിടക്കുകയാണ്. ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ ഊർജിതമാക്കാൻ മുഖ്യമന്ത്രി സുഖ്‌വീന്ദർ സിംഗ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## FOOTBALL-SAFF-INDIA

ഈ വർഷത്തെ സാഫ് അണ്ടർ 17
വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് കിരീടം ഇന്ത്യയ്ക്ക്. ഇന്നലെ തിമ്പുവിൽ നടന്ന മത്സരത്തിൽ നേപ്പാളിനെ 5-0 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ വനിതകൾ കിരീടം ചൂടിയത്.

&&&&&&&&&&&&&&&&&&

## BIHAR ASIA CUP

ബീഹാറിലെ, രാജ്ഗിറിൽ നടക്കുന്ന ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിന്റെ രണ്ടാം ദിനമായ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ബംഗ്ലാദേശും ചൈനീസ് തായ്‌പേയിയും മാറ്റുരയ്ക്കും. രണ്ടാമത്തെ മത്സരത്തിൽ ഏഷ്യൻ ഹോക്കിയിലെ ശക്തരായ കൊറിയയും മലേഷ്യയും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## GOLD

സ്വർണ്ണവിലയിൽ റെക്കോർഡ് വർധന. പവന് 1200 രൂപ കൂടി 76960 രൂപയും ഗ്രാമിന് 9620 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## MAHA - ACCIDENT

മഹാരാഷ്ട്രയിൽ ധുലെ-സോളാപൂർ ദേശീയ പാതയിൽ ഇന്ന് രാവിലെ ഉണ്ടായ അപകടത്തിൽ അമിതവേഗതയിൽ വന്ന കണ്ടെയ്നർ ഇടിച്ച് ആറ് കാൽനട യാത്രക്കാർ മരിച്ചു. പെൻഡ്ഗാവിലെ ഹനുമാൻ ക്ഷേത്രം സന്ദർശിക്കാൻ പോയ തീർത്ഥാടകരാണ് മരിച്ചത്. കണ്ടെയ്നർ ഡ്രൈവറെ പോലീസ് കസ്റ്റഡിയിലെടുത്തു.

&&&&&&&&&&&&&&&&&&

## BRITAIN-ISRAEL BAN

ഇസ്രായേൽ - ഗാസ സംഘർഷം രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ, അടുത്ത മാസം ലണ്ടനിൽ നടക്കുന്ന സുപ്രധാന

ആയുധമേളയിൽ പങ്കെടുക്കുന്നതിൽ നിന്ന് ഇസ്രായേൽ ഉദ്യോഗസ്ഥരെ ബ്രിട്ടീഷ് സർക്കാർ വിലക്കി. സെപ്റ്റംബർ 9 മുതൽ 12 വരെ നടക്കുന്ന പരിപാടിയിലേക്ക് ഇസ്രായേൽ പ്രതിനിധി സംഘത്തെ ക്ഷണിക്കില്ലെന്ന് ബ്രിട്ടീഷ് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. അതേസമയം, ലണ്ടനിലെ പ്രതിരോധ പ്രദർശനത്തിൽ പങ്കെടുക്കില്ലെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രാലയവും പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## TURKEY-AIRSPACE BAN

ഇസ്രായേലിനെതിരെ കൂടുതൽ ഉപരോധങ്ങളുമായി തുർക്കി. വ്യാപാര ബന്ധം വിച്ഛേദിക്കുക, വ്യോമാതിർത്തി അടയ്ക്കുക, തുറമുഖങ്ങളിൽ നിന്ന് ഇസ്രായേൽ കപ്പലുകളെ വിലക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. ഗാസയിലെ ഇസ്രായേൽ ആക്രമണങ്ങൾക്കെതിരെ യൂറോപ്യൻ രാജ്യങ്ങൾ സമ്മർദ്ദം ഉയർത്തുന്നതിനിടയിലാണ് തുർക്കിയുടെ നീക്കം.

&&&&&&&&&&&&&&&&&&

## UN - SUDAN

സുഡാനിൽ നോർത്ത് ഡാർഫറിലെ അൽ ഫാഷറിൽ റാപ്പിഡ് സപ്പോർട്ട് ഫോഴ്സ് നടത്തുന്ന നിരന്തരമായ ആക്രമണങ്ങളെ അപലപിച്ച് യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ്. സംഭവത്തിൽ അദ്ദേഹം കടുത്ത ആശങ്ക പ്രകടിപ്പിച്ചു. 500 ദിവസത്തിലേറെയായി അൽ ഫാഷർ കർശനമായ ഉപരോധത്തിലാണെന്നും ലക്ഷക്കണക്കിന് സാധാരണക്കാർ പ്രദേശത്ത് കുടുങ്ങിക്കിടക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## JK - TRAINS

ഇന്ത്യൻ റെയിൽവേ ജമ്മു താവിയിൽ നിന്ന് ഛപ്രയിലേക്കും മോവിലേക്കും രണ്ട് പ്രത്യേക ട്രെയിൻ സർവീസുകൾ പ്രഖ്യാപിച്ചു. ജമ്മു താവി സ്റ്റേഷനിൽ നിന്ന് വൈകുന്നേരം 5 മണിക്ക് പുറപ്പെടുന്ന ഛപ്ര ട്രെയിൻ ലുധിയാന, മൊറാദാബാദ്, ഗോണ്ട, ബസ്തി വഴി സർവീസ് നടത്തും. ജമ്മു താവിയിൽ നിന്ന് മൊവിലേക്ക്

ഉച്ചകഴിഞ്ഞ് 3 മണിക്ക് പുറപ്പെടുന്ന ട്രെയിൻ ലുധിയാന, ന്യൂഡൽഹി, ഗ്വാളിയോർ, ഭോപ്പാൽ വഴിയും സർവീസ് നടത്തും.

&&&&&&&&&&&&&&&&&&

## US-TARIFFS STAY

അമേരിക്കയിൽ , പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ചുമത്തിയ ഇറക്കുമതി ചുങ്കം യു എസിലെ ഒരു ഫെഡറൽ അപ്പീൽ കോടതി റദ്ദാക്കി. നികുതി ചുമത്താൻ നിയമവിരുദ്ധമായി അടിയന്തര അധികാരങ്ങളെ പ്രസിഡന്റ് ട്രംപ് ആശ്രയിച്ചുവെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു വിധി. പരസ്പര താരിഫുകൾ അന്താരാഷ്ട്ര അടിയന്തര സാമ്പത്തിക അധികാര നിയമം അംഗീകാരം നൽകുന്നില്ലെന്ന് കോടതി നിരീക്ഷിച്ചു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&